11.05.2024

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/05/2024

1. കൃഷിയുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനായി കാർഷിക വിവര സങ്കേതത്തിലേയ്ക്ക് 1800 425 1661 എന്ന ടോൾഫ്രീ നമ്പരിലേയ്ക്ക് വിളിക്കുകയോ 9447051661 എന്ന നമ്പരിലേയ്ക്ക് വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. വിളകളെ ബാധിക്കുന്ന കീടങ്ങൾക്കും രോഗങ്ങൾക്കും ഉടനടി പ്രതിവിധി, പുതിയ സ്കീമുകളെക്കുറിച്ചറിയാനും എങ്ങനെ അപേക്ഷിക്കണം എന്നുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ കർഷകർ പരമാവധി ഈ സംവിധാനം പ്രയോജനപ്പെടുത്തുക. എല്ലാദിവസവും രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ പ്രവർത്തന സജ്ജമായിരിക്കും

2. ഉഷ്ണതരംഗം വളർത്തുമൃഗങ്ങൾനഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരത്തിന് അപേക്ഷിക്കാം. അന്തരീക്ഷ താപനില ക്രമാതീതമായി ഉയരുന്ന പശ്ചാത്തലത്തിൽ വളർത്തുമൃഗങ്ങൾക്ക് നേരിടുന്ന ജീവഹാനിക്ക് നഷ്ടപരിഹാരം ലഭിക്കും. വേനൽകെടുതികൾക്ക് സമാശ്വാസമായി ദുരന്തനിവാരണ നിധിയിൽ നിന്നുമാണ് ധനസഹായം അനുവദിക്കുക. സർക്കാർ മൃഗാശുപത്രികൾവഴിയാണ് ദുരന്തനിവാരണ അതോറിറ്റിക്ക് അപേക്ഷ സമർപ്പിക്കേണ്ടത്. പോസ്റ്റുമോർട്ടം റിപ്പോർട്ടും സാക്ഷ്യപത്രവും ഉറപ്പായും നൽകണം. മൃഗപരിപാലകർക്ക് ഇൻഷുറൻസ് മുഖാന്തിരമുള്ള നഷ്ടപരിഹാരത്തിനും അർഹതയുണ്ട് എന്ന് ജില്ലാമൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

3. കൃഷിഭവനുകൾക്കു പുറമെ കർഷക ഗ്രൂപ്പുകൾക്കും മറ്റ് സംഘടനകൾക്കും മണ്ണ് സാമ്പിളുകൾ പരിശോധനക്കായുണ്ടെങ്കിൽ അതാത് ജില്ലകളിലെ മൊബൈൽ സോയിൽ ടെസ്റ്റിങ് ലാബ് (MSTL)-കൾ നിങ്ങളുടെ പ്രദേശത്തു വന്ന് സൗജന്യമായി മണ്ണ് പരിശോധിച്ച് അന്ന് തന്നെ പരിശോധനഫലവും കർഷകർക്ക് അവബോധ ക്ലാസും

സംഘടിപ്പിക്കുന്നു.ജില്ലകളിലെ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ശാലയിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റുമാരുടെ ഫോൺനമ്പർ

തിരുവനന്തപുരം 9383471213, 9349325699

കൊല്ലം 9383470339, 8921990789

പത്തനംതിട്ട 9383470511, 9946314440

ആലപ്പുഴ 9383470575, 9446026986

കോട്ടയം 9383470716, 9387765742

ഇടുക്കി 9383470830, 9446880695

തൃശ്ശൂർ 9383471412, 9744480965

പാലക്കാട് 9383471469, 9497826489

മലപ്പുറം 9383471628, 9495156068

കോഴിക്കോട് 9383471792, 9447289615

കണ്ണൂർ 9383472040, 9847973390

കാസർഗോഡ് -04994227428, 9495768847

4. നാളികേരത്തിന്റെ വിളവെടുപ്പുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നാളികേര വികസന ബോർഡ് ആരംഭിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം (FoCT) കോൾ സെന്ററിലേയ്ക്ക് വിളിച്ച് കേരളത്തിലെവിടെയുമുള്ള കേര കർഷകർക്ക് വിളിപ്പുറത്ത് തെങ്ങിന്റെ ചങ്ങാതിമാരെ ലഭ്യമാക്കുകയെന്നതാണ് കോൾ സെന്ററിലൂടെ ബോർഡ് ലക്ഷ്യ മാക്കുന്നത്. സേവനം ലഭ്യമാകുന്നതിനായി ഹലോ നാരിയൽ കോൾ സെന്ററിന്റെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്ന താണ്. ബോർഡിന്റെ ആസ്ഥാനമായ കൊച്ചിയിലാണ് കേരളത്തിലെ കോൾ സെന്ററിന്റെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

പ്രവർത്തനം. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9.30 മുതൽ വൈകിട്ട് 5 മണി വരെയാണ് പ്രവർത്തന സമയം. അതാത് ജില്ലകളിൽ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലത്തിലാണ് ചങ്ങാതിമാരുടെ സേവനം ലഭ്യമാക്കുന്നത്. വിളവെടുപ്പ്, തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, മരുന്നു തളിയ്ക്കൽ, രോഗകീട നിയന്ത്രണം, കൃത്രിമ പരാഗണം തുടങ്ങിയ സേവനങ്ങൾ ഈ പദ്ധതിയിലൂടെ കേര കർഷകർക്ക് പ്രയോജനപ്പെടുത്താം. ഇതിനുപുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിന്റെ ചങ്ങാതിമാർക്കും  കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യാം. ഇപ്രകാരം കോൾ സെന്ററിന്റെ സേവനം കർഷകർക്കൊപ്പം തെങ്ങിന്റെ ചങ്ങാതിമാരും പരമാവധി പ്രയോജനപ്പെടുത്തുക. കൂടാതെ നാളികേര വികസന ബോർഡിന്റെ കേര സുരക്ഷ ഇൻഷുറൻസ് പദ്ധതി പ്രകാരം തെങ്ങുകയറ്റക്കാർക്ക് ഇൻഷുറൻസ് പരിരക്ഷയും നൽകുന്നുണ്ട്. കേര സുരക്ഷ ഇൻഷുറൻസ് പദ്ധതിയിൻ കീഴിൽ അപേക്ഷിക്കുന്ന തെങ്ങുകയറ്റ തൊഴിലാളികൾക്ക് പരമാവധി അഞ്ച് ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയാണ് നൽകുന്നത്.

5. സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഉൽപ്പാദിപ്പിച്ച് ഇൻറഗ്രേഷൻ ഫാമുകളിൽ വളർത്തിയെടുത്ത ഒരു മാസം പ്രായമായ ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികളും, ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴികളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 9495000915, 0471-2468585 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

## പരിശീലന പരിപാടി

6. കേരള വെറ്ററിനറി ആൻറ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ സംരംഭകത്വവിഭാഗം പൂക്കോട് ഡയറി സയൻസ് കോളേജിൽ വെച്ച് മെയ് 27, 28, 29 തിയ്യതികളിലായി ചീസിൻെറ (പാൽക്കട്ടി) ശാസ്ത്രീയമായ ഉല്പാദനരീതിയിൽ പരിശീലനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകുന്നു. താല്പര്യമുള്ള ക്ഷീരകർഷകരും സംരംഭകരും 9744975460 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 3000/- രൂപ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം